**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **13-09-2023 - ൽ മറുപടിയ്ക്ക്**

**വനിതകൾക്കായി ഡിജിറ്റൽ പാഠശാല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ പാഠശാല പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും എന്തൊക്കെ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ; | (എ) | (എ) വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ദി ജെൻഡർ പാർക്ക് ഡിജിറ്റൽ പാഠശാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2023 അന്താരാഷ്ട്ര വനിതാ ദിനത്തിൽ ബഹു മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ദി ജെൻഡർ പാർക്കും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഡിജിറ്റൽ പാഠശാല പദ്ധതിയുടെ പ്രധാനലക്ഷ്യം, സ്ത്രീകളെ ഡിജിറ്റൽ സാങ്കേതികവിദ്യ സുരക്ഷിതമായും ഫലപ്രദമായും ആത്മവിശ്വാസത്തോടെ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ മനസ്സിലാക്കുന്നതിനും ജീവിതം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക, സ്ത്രീകൾക്കിടയിലുള്ള ഡിജിറ്റൽ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനും സഹായിക്കുക എന്നിവയാണ്. അതോടൊപ്പം ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും, അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീകൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യം നൽകുക, ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലുള്ള ധാർമ്മികവും നിയമപരവുമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ സ്ത്രീകളെ സഹായിക്കുക, സ്ത്രീകൾക്ക് ഓൺലൈനായി വിവരങ്ങൾ ലഭ്യമാക്കുന്നതിനും പങ്കിടുന്നതിനും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക, സ്ത്രീകൾക്ക് അവരുടെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ഓൺലൈൻ ബന്ധം നിലനിർത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ |

| | | | |
|---|---|---|---|
| | | | ആത്മവിശ്വാസം വർധിപ്പിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണെന്നും ഇതിനായി പ്രത്യേക പരിശീലനം ലഭ്യമാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | (ബി) വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന് പ്രസ്തുത പദ്ധതി വളരെയധികം പ്രയോജനകരമാണ്. ആഗോള തലത്തിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അനുനിമിഷം വരുന്ന മാറ്റം സമയബന്ധിതമായി വനിതകളിൽ എത്തിപ്പെടാത്തതിനാൽ സാമൂഹികമായും സാമ്പത്തികമായും വനിതകൾ കൂടുതൽ പിന്നാക്കാവസ്ഥയിലേയ്ക്ക് നയിക്കപ്പെടുന്നു. ഇത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കി സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിര വികസനം കൈവരിക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തി 2023, മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഐക്യരാഷ്ട്ര സഭയുടെ തീം ആയിരുന്നു; DIGITALL : Innovation and Technology for gender equality. 2030-ഓട് കൂടി സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ അഞ്ചാമത്തെ ലക്ഷ്യമായ ലിംഗ സമത്വം കൈവരിക്കുന്നതിനായി പ്രസ്തുത പദ്ധതി അനിവാര്യമാണ്. സ്ത്രീകൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സാമൂഹിക കാര്യങ്ങളിൽ ഇടപെടുന്നതിനും സ്വയം പര്യാപ്തമാകുന്നതിനും ഡിജിറ്റൽ സാക്ഷരത അത്യന്താപേക്ഷിതമാണ്. ലിംഗ അസമത്വം, ആരോഗ്യം, സാമ്പത്തിക ശാക്തീകരണം തുടങ്ങിയ വിഷയങ്ങളിൽ ഡിജിറ്റൽ പാഠശാല പദ്ധതി മുഖേന സ്ത്രീകൾക്ക് കൂടുതൽ അവബോധം നൽകുന്നു. പൊതു സംവാദങ്ങളിൽ പങ്കെടുക്കാനും സ്വന്തം അവകാശങ്ങളെക്കുറിച്ച് സംസാരിക്കാനും സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യാനും ഡിജിറ്റൽ സാക്ഷരത അവരെ പ്രാപ്തരാക്കുന്നു. ഇതിനായി ഏഴ് മൊഡ്യൂളുകൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങൾ, ഓൺലൈൻ ബാങ്കിംഗ് സംവിധാനങ്ങൾ, പേയ്മെന്റ് സേവനങ്ങൾ, എടിഎമ്മുകളുടെ ഉപയോഗം, ഡിജിറ്റൽ മാർക്കറ്റിംഗ്/ ഇ-മാർക്കറ്റിംഗ് തുടങ്ങിയ വിഷയങ്ങൾ മൊഡ്യൂളുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>ആയതിലേക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കേണ്ടതുള്ളതിനാൽ ജെൻഡർ പാർക്ക് ശിൽപ്പശാല നടത്തിയതിന് ശേഷം മോഡ്യൂൾ തയ്യാറാക്കി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് പരിശീലനം (TOT) നൽകുന്നതിനും അത്തരം ട്രെയിനേഴ്സിനെ ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | അങ്കണവാടി വർക്കേഴ്സിനും കുടുംബശ്രീ പ്രവർത്തകർക്കും പൊതു സമൂഹത്തിലെ സ്ത്രീകൾക്കും പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ